

## പരിസ്ഥിതി സമ്പദ്ശാസ്ത്രവും സാങ്കേതികസംജ്ഞകളും - 3

കെ.സഹദേവൻ

# മുതലാളിത്തത്തിന്റെ രണ്ടാം വൈരുദ്ധ്യം
# (Second Contradiction of Capitalism)

മുതലാളിത്ത സാമ്പത്തിക വളർച്ചയിൽ ക്രമാതീതമായ തോതിൽ സമ്പത്ത് കുന്നുകൂട്ടുവാനുള്ള ശ്രമങ്ങൾക്കിടയിൽ അവയുടെ തന്നെ ആന്തരിക വൈരുദ്ധ്യങ്ങൾ മുതലാളിത്തത്തിന്റെ മുന്നോട്ടുള്ള പോക്കിന് പ്രതിസന്ധി സൃഷ്ടിക്കുമെന്ന് മാർക്സ് തന്റെ കൃതികളിൽ പലപ്പോഴായി വ്യക്തമാക്കിയിട്ടുള്ളതാണ്. മുതലാളിത്ത ഉത്പാദന ശക്തികളുടെയും സമ്പത്തിന്റെയും ആത്യന്തിക വളർച്ചയും വികാസവും തൊഴിലാളികളെ മാത്രമല്ല മൂലധനത്തിന്റെ തന്നെ നാശത്തിലേക്ക് നയിക്കുമെന്ന് മാർക്സ് പ്രവചിക്കുന്നു. ലാഭം പെരുപ്പിക്കുവാനുള്ള നിരന്തര ശ്രമങ്ങൾക്കിടയിൽ ചരക്കുൽപ്പാദനത്തിന്റെയും അവയുടെ വിപണി വിപുലീകരണത്തിന്റെയും തോത് ക്രമാതീതമായി വർദ്ധിപ്പിക്കുകയും അതുവഴി അമിതോൽപ്പാദനമെന്ന (overproduction) അനിവാര്യമായ പ്രതിസന്ധിയിലേക്ക് അത് നയിക്കപ്പെടുമെന്നും മാർക്സ് വിലയിരുത്തുന്നു. സ്വാഭാവികമായും സാമ്പത്തിക പ്രതിസന്ധിയിലേക്ക് ഇത് മുതലാളിത്ത സമ്പദ്വ്യവസ്ഥയെ കൊണ്ടുപോകുന്നു.

സാങ്കേതികവിദ്യകളുടെ കാര്യക്ഷമത വർദ്ധിപ്പിച്ചും തൊഴിൽ ശക്തികളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിച്ചും, തൊഴിൽവേഗം കൂട്ടിയും, തൊഴിലാളികളുടെ വിശ്രമ സമയം കുറച്ചുകൊണ്ടും കൂടുതൽ പണിയെടുപ്പിച്ചുകൊണ്ടും അതേസമയം ആവശ്യമായ കൂലിക്കൂടുതൽ നൽകാതെയും, വേതനത്തിൽ കർശനമായ കുറവുവരുത്തിക്കൊണ്ടുമായിരിക്കും മുതലാളിത്തം തങ്ങളുടെ ലാഭം പെരുപ്പിക്കാൻ ശ്രമിക്കുന്നത്. കൂട്ടമായ തീരുമാനമെന്നതിനപ്പുറം വ്യക്തിഗത മൂലധന വക്താക്കളുടെ സ്വാഭാവിക പ്രതികരണമെന്ന നിലയിലായിരിക്കും ലാഭം പെരുപ്പിക്കുവാനുള്ള ശ്രമങ്ങൾ ഉയർന്നുവരുന്നത്. വിപണിയിൽ ആവശ്യക്കാരില്ലാത്ത അവസ്ഥയിലേക്ക് നയിക്കപ്പെടുന്നുവെന്നതായിരിക്കും ഇതിന്റെ ആത്യന്തികഫലം. ആവശ്യത്തേക്കാളും കൂടുതൽ ഉത്പാദനം എന്ന മുതലാളിത്ത പ്രതിസന്ധി പലകാലങ്ങളിൽ പ്രത്യക്ഷരൂപത്തിൽ അവതരിക്കപ്പെട്ടിട്ടുണ്ട്. മുതലാളിത്തത്തിന്റെ പ്രഥമ വൈരുദ്ധ്യം (first contradiction of capitalism) എന്നറിയപ്പെടുന്ന ഈ പ്രതിസന്ധികളെ മറികടക്കാൻ മുതലാളിത്തത്തിന് പലപ്പോഴും സാധ്യമായിട്ടുള്ളത് സാമ്പത്തിക വിപണികളിലെ ഭരണകൂട ഇടപെടലുകൾ ശക്തമാക്കുക വഴിയാണെന്നതാണ് യാഥാർത്ഥ്യം.

അമിതോൽപ്പാദനം എന്ന മുതലാളിത്ത പ്രതിസന്ധിയെ വിപണി ഇടപെടലുകളിലൂടെ മറികടക്കാൻ മുതലാളിത്തത്തിന് സാധിച്ചിട്ടുണ്ടെങ്കിലും വ്യാവസായികോത്തരകാലം പുതിയതായി വെല്ലുവിളികൾ മുതലാളിത്തത്തിന് മുന്നിൽ ഉയർത്തിയിരിക്കുകയാണ്. ഉൽപ്പാദന തകർച്ച (underproduction) എന്ന പ്രതിസന്ധിയാണത്. പ്രമുഖ മാർക്സിസ്റ്റ് ഇക്കോളജിസ്റ്റായ ജെയിംസ് ഓ കോണർ മുന്നോട്ടുവെക്കുന്ന മുതലാളിത്തത്തിന്റെ രണ്ടാം വൈരുദ്ധ്യമെന്ന (second contradiction of capitalism) ഉത്പാദന തകർച്ച മുതലാളിത്ത ഉത്പാദന സംവിധാനങ്ങളുടെയും വികസന കാഴ്ചപ്പാടുകളുടെയും സന്തതിയാണ്. ലാഭം പെരുപ്പിക്കുവാനുള്ള അമിതോൽസാഹത്തിനിടയിൽ ഉൽപാദനോപാധികളുടെ സമ്പൂർണ്ണനാശത്തിന് സ്വയം കാരണമാകുക എന്ന അവസ്ഥയാണ് മുതലാളിത്തത്തിന്റെ രണ്ടാം വൈരുദ്ധ്യത്തിന്റെ അടിസ്ഥാനം. വ്യാവസായികോൽപ്പാദനത്തിന്റെ അടിസ്ഥാനോപാധികളായ പ്രകൃതിവിഭവങ്ങൾ ലഭ്യമാകാതിരിക്കുകയോ അല്ലെങ്കിൽ അവ ലഭ്യമാക്കുന്നതിനായി വൻതോതിൽ വില നൽകപ്പെടുകയോ ചെയ്യേണ്ടിവരുന്നത് ചരക്കുൽപാദനത്തിൽ ഗണ്യമായ കുറവുകൾ വരുത്തുന്നു. മുതലാളിത്ത സാങ്കേതിവിദ്യകൾ, തൊഴിൽ രൂപങ്ങൾ, ഭൗതികപുരോഗതി എന്നിവ പ്രതിസന്ധികൾക്കുള്ള പരിഹാരങ്ങളായല്ല, മറിച്ച് അവ സ്വയംതന്നെയും പ്രതിസന്ധികളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് സഹായിക്കുകയാണ് ചെയ്യുന്നതെന്ന് കോണർ വിലയിരുത്തുന്നു.

ഉൽപ്പാദനോപാധികളുടെ നാശം അതിന്റെ ഏറ്റവും ഉയർന്ന രൂപത്തിലെത്തുന്നത് പ്രധാനമായും മൂന്ന് വിധത്തിലാണ് എന്ന് കോണർ ചൂണ്ടിക്കാട്ടുന്നു: 1. മനുഷ്യതൊഴിൽ ശക്തികളുമായി പുനരുൽപ്പാദനവുമായി ബന്ധപ്പെട്ടുനിൽക്കുന്ന വ്യക്തിഗത ഉൽപ്പാദനോപാധികൾ, 2. വനം, എണ്ണപ്പാടങ്ങൾ, ജലസ്രോതസ്സുകൾ, ജീവജാലങ്ങൾ എന്നിവയടങ്ങുന്ന ബാഹ്യപ്രകൃതിയുമായി ബന്ധപ്പെട്ടുനിൽക്കുന്ന ഉൽപാദനോപാധികൾ, 3. നഗരങ്ങൾ, നഗരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ എന്നീ നിർമ്മിത പരിസ്ഥിതികളടങ്ങുന്ന സാമൂഹിക ഉത്പാദനോപാധികൾ തുടങ്ങിയവയ്ക്ക് മുതലാളിത്തി ഉൽപ്പാദന വളർച്ചയുടെ ആത്യന്തിക ഘട്ടങ്ങളിൽ നാശത്തെ അഭിമുഖീകരിക്കേണ്ടി വരും.

മുതലാളിത്തം പരിസ്ഥിതിയെ തങ്ങളിലേക്ക് ഇണക്കിച്ചേർക്കുവാനോ അല്ലെങ്കിൽ അതിനുമേൽ ആധിപത്യം ചെലുത്തുവാനോ ഉള്ള നിരന്തര പരിശ്രമം എല്ലായ്പോഴും നടത്തിക്കൊണ്ടിരിക്കും. ഇത് സ്വാഭാവിക പ്രകൃതിയുടെ നാശത്തിലേക്കായിരിക്കും നയിക്കുക. ഉദാഹരണത്തിന് മണ്ണിന്റെ ഉർവ്വരത നഷ്ടപ്പെടൽ, വനശീകരണം തുടങ്ങിയവ. ഈ പ്രതിസന്ധികളെ മറികടക്കാൻ കൃത്രിമ രാസവള ഉത്പാദനത്തിലേക്കും ആസൂത്രിത വനവൽക്കരണത്തിലേക്കും അതിന് ചെന്നെത്തേണ്ടതുണ്ട്. ഒരേസമയം തൊഴിലാളികളുടെ ആരോഗ്യത്തെയും ജൈവപ്രകൃതിയെയും ഇവ പ്രതികൂലമായി ബാധിക്കുന്നതായി കാണാം. ദീർഘകാലത്തിൽ മുതലാളിത്ത വികസനത്തിന് ഇത് സ്വാഭാവിക തടസ്സങ്ങളായി മാറുന്നു. ഉത്പാദനോപാധികളുടെ നഷ്ടത്തെ മറികടക്കാനാവശ്യമായ മൂലധനത്തെ സംബന്ധിച്ച വ്യക്തമായ ധാരണകൾ ഇന്ന് ആർക്കുമില്ല. മുതലാളിത്ത സാമ്പത്തിക വ്യവസ്ഥയ്ക്കകത്തുപോലും ഇതിന് വ്യക്തമായ മറുപടികളില്ല എന്നതാണ് യാഥാർത്ഥ്യം. ■